# യുവസമൂഹം സമരത്തിനൊപ്പമുണ്ട്

എൻ ബി എയുടെ പ്രവർത്തകയായ **സപ്ന**

ഥാപട്ബേഡായാണ് എന്റെ ഗ്രാമം. ഡാം വന്നാൽ ഞങ്ങളുടെ വീടും കൃഷിസ്ഥലവുമൊക്കെ പൂർണ്ണമായി ഇല്ലാതാകും. നാല് വയസ്സ് മുതൽ ഈ സമരത്തിൽ സജീവമായുണ്ട്. കുടുംബം ഇത്തരം കാര്യങ്ങൾക്ക് പിന്തുണ തന്നുവെങ്കിലും ജാതി-മത, ഉച്ച-നീചത്വങ്ങൾക്കപ്പുറത്ത് നിന്ന് ചിന്തിക്കാൻ എന്നെ പ്രാപ്തയാക്കിയത് നർമ്മദ സമരമാണ്. ഞാൻ തന്നെ പലയിടങ്ങളിലും സമരത്തിന്റെ ഭാഗമായി പോകാറുണ്ട്, ആളുകളോട് സംസാരിക്കാറുണ്ട്. പക്ഷേ വലുപ്പ-ചെറുപ്പ വ്യത്യാസമില്ലാതെ തന്നെ അവരോട് ആശയവിനിമയം നടത്താൻ കഴിയുന്നുവെന്നത് ഞങ്ങളുടെ നാട്ടിലെ പൊതുസാഹചര്യവുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ കാര്യം തന്നെയാണ്. വീട്ടിൽ നിന്ന് പുറത്തുപോകാൻ, വിദ്യാഭ്യാസത്തിന്, എന്തിന് സ്വയം തീരുമാനങ്ങളെടുക്കാൻ പോലും ഒരു സ്ത്രീ എന്ന നിലയിൽ പൊരുതേണ്ടി വന്നിട്ടുണ്ട്. അങ്ങനെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയോടു തന്നെ പൊരുതി ജയിക്കാനുള്ള ഊർജ്ജം എനിക്ക് നൽകിയത് ഈ പ്രക്ഷോഭമാണ്.



**വീട്ടിൽ നിന്ന് പുറത്തുപോകാൻ, എന്തിന് സ്വയം തീരുമാനങ്ങളെടുക്കാൻ പോലും ഒരു സ്ത്രീ എന്ന നിലയിൽ പൊരുതേണ്ടി വന്നിട്ടുണ്ട്. അങ്ങനെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയോടു തന്നെ പൊരുതി ജയിക്കാനുള്ള ഊർജ്ജം എനിക്ക് നൽകിയത് ഈ പ്രക്ഷോഭമാണ്**

പ്രക്ഷോഭത്തിന്റെ ഭാവിയെക്കുറിച്ച് ആലോചിക്കുമ്പോൾ ഇപ്പോൾ കാര്യങ്ങൾ അല്പം മന്ദഗതിയിലാണ്. ഞങ്ങളെപ്പോലുള്ള യുവജനങ്ങൾ ആദ്യം സമരത്തിലേക്ക് വന്നപ്പോൾ അവർക്ക് വ്യക്തമായ ധാരണകളില്ലായിരുന്നു; കാരണം അവർക്ക് ഉത്തരവാദിത്തങ്ങൾ കുറവായിരുന്നു. നഷ്ടപരിഹാരമൊക്കെ ലഭിച്ചശേഷം സമരത്തിൽ നിന്നും പിൻമാറിയവരും ഇപ്പോൾ തിരിച്ചുവരുന്നുണ്ട്. കാരണം കൃഷിക്ക് ഭൂമിയില്ലാതായാൽ ജീവിക്കാൻ കഴിയില്ലെന്നും അതിനാൽ എന്ത് വില കൊടുത്തും സമരം ജയിക്കേണ്ടതുണ്ടെന്നും അവർക്ക് ബോധ്യമുണ്ട്.

ഇൻഡോറിൽ ഞങ്ങൾ നടത്തിയ ജീവൻ അധികാർ യാത്രയിൽ കണ്ട യുവതീയുവാക്കൾ ഈ സമരത്തിലേക്ക് പൂർവ്വാധികം ശക്തിയോടെ തിരിച്ചെത്തുമെന്ന് ഉറപ്പുതന്നിട്ടുണ്ട്. അവർ ഏത് സ്ഥലത്ത് ജോലി ചെയ്താലും നർമ്മദ സമരം അവരുടെ ധാർമ്മിക ഉത്തരവാദിത്തമാണെന്നും സമരമെന്നാൽ നമ്മളാണെന്നും തിരിച്ചറിഞ്ഞ യുവസമൂഹം അവരുടെ മേഖലകളിൽ പ്രാവീണ്യം നേടി, അതിലൂടെ സമരത്തെ ശക്തമാക്കാനാണ് ശ്രമിക്കുന്നത്.